മലയാള മനോരമ
ESTABLISHED 1888

**31 January 2017**



വിത്തുമൽസ്യങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള നൂതന സംവിധാനത്തിന്റെ ഉദ്ഘാടനം മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് നിർവഹിക്കുന്നു.

# മൽസ്യകൃഷിക്ക് നൂതന സംവിധാനം; കേന്ദ്ര സഹമന്ത്രി സുദർശൻ ഭഗത്ത് വിഴിഞ്ഞത്ത്

**വിഴിഞ്ഞം●** അലങ്കാരമൽസ്യങ്ങളുടെ ഭംഗി ആസ്വദിക്കാൻ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് വിഴിഞ്ഞം മറൈൻ അക്വേറിയത്തിലെത്തി.

വിഴിഞ്ഞത്തെ കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണകേന്ദ്രത്തിൽ (സിഎംഎഫ്ആർഐ) വലിയ കടൽമൽസ്യങ്ങളെ കൃത്രിമമായി ഉൽപാദിപ്പിക്കുന്നതിന് ഇവയുടെ വിത്തു മൽസ്യങ്ങളെ വളർത്തിയെടുക്കുന്നതിനുള്ള നൂതന സംവിധാനത്തിന്റെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. തലസ്ഥാനത്തെ കേന്ദ്ര കിഴങ്ങുവർഗ ഗവേഷണകേന്ദ്രത്തിലെ ചടങ്ങിനെത്തിയ മന്ത്രി ഇന്നലെ വൈകിട്ടോടെയാണു വിഴിഞ്ഞത്തെ കേന്ദ്രത്തിലെത്തിയത്. അക്വേറിയം കൂടാതെ കേന്ദ്രത്തിലെ ഹാച്ചറിയും മന്ത്രി സന്ദർശിച്ചു. മൽസ്യക്കുഞ്ഞുങ്ങളെ കൃത്രിമ വളർത്തൽ സംവിധാനത്തിലേക്കു നിക്ഷേപിച്ചായിരുന്നു ഉദ്ഘാടനം.

സിഎംഎഫ്ആർഐ ഡയറക്ടർ എ.ഗോപാലകൃഷ്ണൻ, സിടിസിആർഐ ഡയറക്ടർ ജെയിസ് ജോർജ്, സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രം അധികൃതർ എന്നിവർ ഒപ്പമുണ്ടായിരുന്നു.